## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1932

16.02.2016-ൽ മറുപടിക്ക്.

### ജനമൈത്രി പൊലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സന്തുലിത പ്രാതിനിധ്യം സമിതിയിൽ ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ? | : (എ) ജനമൈത്രി പോലീസ് സമിതിയിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, പ്രദേശത്തെ വിദ്യാഭ്യാസ, സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, സ്കൂൾ കോളേജ് മേധാവികൾ, വിരമിച്ച ഉദ്യോഗസ്ഥർ, പ്രാദേശിക ജനപ്രതിനിധികൾ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സഹായത്തോടെ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത സമിതിയിലേക്കുള്ള അംഗങ്ങളുടെ പേരുകൾ നിർദ്ദേശിച്ച് സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിക്കുകയും സമിതി രൂപീകരിക്കുകയും ചെയ്യുന്നു. ജനമൈത്രി പോലീസിൽ വിവിധ വിഭാഗങ്ങളിലുള്ള ആളുകളുടെ സന്തുലിതപ്രാതിനിധ്യം, സമിതിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ